പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 261 — 28.06.2016 ൽ മറുപടിയ്ക്ക്

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെ പ്രതിരോധിച്ച് കൊണ്ടിരിക്കുന്ന സർക്കാർ സംവിധാനങ്ങളെ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) വിലക്കയറ്റത്തിനിടയാക്കുന്ന പ്രമുഖ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ദോഷകരമാകുന്ന നയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കണ്ടെത്തുമോ; | (ബി) കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം. കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി, വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കാനായി 14.06.2016 ന് സംസ്ഥാനത്തെ മൊത്ത വ്യാപാരികളുടെ യോഗം ചേർന്നിരുന്നു. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ദോഷകരമാകുന്ന നയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കണ്ടെത്തുന്നതാണ്. |
| (സി) വിലക്കയറ്റം തടയുന്നതിന് മുൻ സർക്കാർ കൈക്കൊണ്ട ആശ്വാസ നടപടികൾ തുടരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി മുൻ കാലങ്ങളിൽ നടത്തി വന്നിരുന്ന വിപണി ഇടപെടൽ പദ്ധതി (ഇത് ഒരു തുടർ പദ്ധതിയാണ്) കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും ജനോപകാരപ്രദമായും തുടർന്ന് കൊണ്ടു പോകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ